(ബി) കേരളത്തിന്റെ ഭൂപ്രകൃതിക്കനുസരിച്ച് വലിയ വ്യവസായങ്ങളോടൊപ്പം കൂടിൽ വ്യവസായങ്ങളെക്കൂടി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

&

(സി) കൂടിൽ വ്യവസായങ്ങൾക്കുള്ള വായ്പാ ആനുകൂല്യങ്ങളെക്കുറിച്ച് വിശദമാക്കാമോ?

നിലവിൽ കൂടിൽ വ്യവസായങ്ങൾക്ക് നേരിട്ട് വായ്പ നൽകുന്ന പദ്ധതികൾ വകുപ്പിലില്ലെങ്കിലും സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലുള്ള സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന വായ്പാധിഷ്ഠിത പദ്ധതികളായ നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് എന്നീ പദ്ധതികളുടെ ആനുകൂല്യവും കൂടിൽ വ്യവസായങ്ങൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി പ്രകാരം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് കാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ്ചെയ്ത് നൽകുന്നത്. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി പ്രകാരം ഉൽപ്പന്നനിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖല ഉൾപ്പെടെ) സ്ഥിരമൂലധനവും പ്രവർത്തനമൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്. കൂടിൽ വ്യവസായങ്ങൾക്ക് ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് വഴി ധനസഹായം നൽകുന്നുണ്ട്.

കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡ് നടപ്പാക്കുന്ന പദ്ധതികൾ

134(148) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസൻഡ്-2020-ന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഇവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അസൻഡ്-2020-ന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെ നടപ്പാക്കാൻ ധാരണയായ 4 പ്രോജക്ടുകൾ ചുവടെ പറയുന്നു.

(i) ലൈഫ് സയൻസ് പാർക്ക് -കെ.എസ്.ഐ.ഡി.സി.

(ii) ബ്ലിസ് സിറ്റി പ്രോജക്ട് -കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്.

(iii) വാട്ടർ മെട്രോ പ്രോജക്ട്-കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്.

(iv) കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഭൂമിയിൽ മാരികൈം ക്ലസ്റ്റർ വികസനം-കെ.എസ്.ഐ.ഡി.സി. കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡ് വിവിധ ഏജൻസികളുമായി ഒപ്പിട്ട ധാരണാപത്രത്തിന്റെ കാലാവധി മാർച്ച് 2021-ന് അവസാനിച്ചുവെങ്കിലും കോവിഡ് -19 മഹാമാരിമൂലം നിലനിൽക്കുന്ന നിയന്ത്രണങ്ങൾ കാരണം ധാരണാ പത്രം വീണ്ടും ഒപ്പുവയ്ക്കുന്ന നടപടി പൂർത്തിയായിട്ടില്ല.

സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷം

135(149) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭങ്ങൾ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് മാറിപ്പോകുന്നത് കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം മോശമായതിനാലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. വ്യവസായ സംരംഭങ്ങൾ സംസ്ഥാനം വിട്ടുപോകുന്ന പൊതുസാഹചര്യം നിലനിൽക്കുന്നില്ല.

(ബി) ഇത്തരം സാഹചര്യങ്ങൾ വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചുവെന്ന് ആക്ഷേപമുയരുമ്പോൾ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്നും വ്യവസായ സംരംഭങ്ങളെ ദോഷകരമായി ബാധിക്കുന്ന യാതൊരുവിധ നടപടികളും ഉണ്ടായിട്ടില്ല. വ്യവസായങ്ങൾക്കാവശ്യമായ ലൈസൻസുകൾ ലഭിക്കുവാൻ ഏകജാലക സംവിധാനം നിലവിലുണ്ട്. വ്യവസായികളുടെയും വ്യവസായ സംരംഭങ്ങളുടെയും പരാതികളും നിവേദനങ്ങളും ജില്ലാടിസ്ഥാ